പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2610 **28-10-2026-ൽ മറുപടിയ്ക്ക്**

വനം വകുപ്പ് ജണ്ട നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മുഹമ്മദ് മുഹസിൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വനഭൂമി സംരക്ഷിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നും, ആയതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും അറിയിക്കാമോ;

മറുപടി: ഡിവിഷൻ, റെയ്ഞ്ച്, ബ്ലോക്ക് തലത്തിൽ പ്രൊട്ടക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കി വനഭൂമി സംരക്ഷണം ചെയ്തു വരുന്നു. പട്രോളിംങ്, വൾണറബിളിറ്റി, മാപ്പിംങ്, പ്രൊട്ടക്ഷൻ ക്യാമ്പുകൾ, ജണ്ടകൾ നിർമ്മിക്കൽ എന്നിവ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു. സ്റ്റേഷൻ തലത്തിലും, സെക്ഷൻ തലത്തിലും സംരക്ഷണത്തിനായി പ്രൊട്ടക്ടിവ് സ്റ്റാഫും, മാനേജ്മെന്റിനായി റേഞ്ച് തലത്തിൽ റേഞ്ച് ഓഫീസറും, മേൽ നോട്ടത്തിനായി ഡിവിഷൻ തലത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും, സർക്കിൾ തലത്തിൽ സർക്കിൾ ഉദ്യോഗസ്ഥരും ഉണ്ട്.

(ബി) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയുടെ വിശദവിവരങ്ങളും അതിൽ സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. വനം വകുപ്പിലെ തിരുവനന്തപുരം ഡിവിഷനിൽ 2019-20,2020-21 കാലഘട്ടങ്ങളിൽ ജണ്ട കെട്ടിയ വകയിൽ വമ്പിച്ചതോതിൽ അഴിമതി നടന്നുവെന്ന് ആരോപിച്ച് അഡ്വ.ജി അറുമുഖം സമർപ്പിച്ച പരാതിയിന്മേൽ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയ അന്വേഷണത്തിൽ അപാകതകൾ ഉള്ളതായി കണ്ടെത്തുകയും അപാകതകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ തലത്തിൽ കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി തുടർന്നു വരുന്നു.

2022 വർഷത്തിൽ വനം വിജിലൻസ് വിഭാഗം സാമ്പിൾ ഡേറ്റാകളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ കണക്കാക്കിയ നഷ്ടം യഥാർത്ഥ നഷ്ടമല്ലാത്തതിനാൽ ബന്ധപ്പെട്ട കൺസർവേറ്റർമാരോട് കൃത്യമായി പരിശോധിച്ചു സർക്കാർ നഷ്ടം കണക്കാക്കി നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ കുറ്റാരോപിതർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

<u>മറുപടി:</u> ഉണ്ട്. വനം വകുപ്പിലെ തിരുവനന്തപുരം ഡിവിഷനിൽ 2019-20,2020-21 കാലഘട്ടങ്ങളിൽ ജണ്ട കെട്ടിയ വകയിൽ വമ്പിച്ചതോതിൽ അഴിമതി നടന്നുവെന്ന് ആരോപിച്ച് അഡ്വ.ജി അറുമുഖം സമർപ്പിച്ച പരാതിയിന്മേൽ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയ അന്വേഷണത്തിൽ അപാകതകൾ ഉള്ളതായി കണ്ടെത്തുകയും അപാകതകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ തലത്തിൽ കഠിന ശിക്ഷയുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി തുടർന്നു വരുന്നു.

2022 വർഷത്തിൽ വനം വിജിലൻസ് വിഭാഗം സാമ്പിൾ ഡേറ്റാകളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ കണക്കാക്കിയ നഷ്ടം യഥാർത്ഥ നഷ്ടമല്ലാത്തതിനാൽ ബന്ധപ്പെട്ട കൺസർവേറ്റർമാരോട് കൃത്യമായി പരിശോധിച്ചു സർക്കാർ നഷ്ടം കണക്കാക്കി നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ